19.08.2026

# മുലയൂട്ടൽ സന്ദേശവുമായി ജൂബിലിയിൽ വാരാഘോഷം

ജീവിതത്തിന് സുസ്ഥിരമായ തുടക്കം - മുലയൂട്ടലിനെ ശക്തിപെടുത്താം. ഫലപ്രദമായ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാം - എന്ന സന്ദേശവുമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ലോക മുലയൂട്ടൽ വാരാചരണം വിവിധ ബോധവത്കരണ-വിദ്യഭ്യാസ പരിപാടികളോടെ ആചരിച്ചു. ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗവും നവജാതശിശു വിഭാഗവും സംയുക്തമായാണ് വാരാചരണത്തിന് നേതൃത്വം നൽകിയത്.

ഉദ്ഘാടന ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ വാരാചരണം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ , ഐ.എ.പി. നാഷണൽ ഇ.ബി. മെമ്പർ ഡോ. രാകേഷ് എന്നിവർ ആശംസകൾ നേർന്നു. ഡോ. നെൽബി ജോർജ് മാത്യു സ്വാഗതവും ഡോ. വിമൽ വിൻസന്റ് കെ. നന്ദിയും പറഞ്ഞു. ഡോ. ബിന്ദു മേനോൻ, ഡോ. സഞ്ജീവ് കുമാർ, ഡോ. നീത ജോർജ് എന്നിവർ മുലയൂട്ടലിന്റെ പ്രാധാന്യവും അമ്മക്കും കുഞ്ഞിനും ആവശ്യമായ പിന്തുണയെക്കുറിച്ചുമുള്ള സന്ദേശങ്ങൾ പങ്കുവെച്ചു. നേഴ്സിങ്ങ് വിദ്യാർത്ഥികൾ വാരാചരണത്തിന്റെ പ്രമേയം ആസ്പദമാക്കി സ്കിറ്റും അവതരിപ്പിച്ചു.

വാരാചരണത്തിന്റെ ഭാഗമായി ഗർഭിണികൾക്കും അമ്മമാർക്കുമായി ഓൺലൈൻ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. പറവട്ടാനി സി.എച്ച്.സി.-യിൽ ഗർഭിണികൾക്കും അമ്മമാർക്കുമായി സമൂഹ ബോധവത്കരണ പരിപാടിയും നടത്തി. മുലയൂട്ടലുമായി ബന്ധപെട്ട വിവരകുറിപ്പുകൾ വിതരണം ചെയ്യുകയും ആവശ്യമായ സാഹചര്യങ്ങളിൽ ലാക്ടേഷൻ സഹായം തേടേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്തു.

ഗൈനക്കോളജി ഒ.പി.-യിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും, പൊതുജനങ്ങൾക്കുമായി പൊതു ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ഡോ. സറീന ഗിൽവാസ്, ഡോ. ലോല രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. ഡോ. ദേവിന ദിനേശ് മുലയൂട്ടലിന്റെ ഗുണങ്ങളും ശരിയായ മുലയൂട്ടൽ രീതികളും സംബന്ധിച്ച് ആരോഗ്യബോധവത്കരണ പ്രഭാഷണം നടത്തി.

മുലപ്പാൽ ദാനത്തിന്റെ പ്രാധാന്യവും ഹ്യൂമൻ മിൽക്ക് ബാങ്കിന്റെ പ്രവർത്തനങ്ങളും വ്യക്തമാക്കുന്ന ബോധവത്കരണ വീഡിയോയും പുറത്തിറക്കി. അധികമായി ലഭിക്കുന്ന മുലപ്പാൽ ദാനം ചെയ്യുന്നതിലൂടെ ആവശ്യമായ നവജാതശിശുക്കൾക്ക് അത് പ്രയോജനപെടുത്താനാകുമെന്ന സന്ദേശമാണ് വീഡിയോയിലൂടെ നൽകിയത്.

ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ തൃശ്ശൂർ ബ്രാഞ്ചിന്റെ സഹകരണത്തോടെ ജില്ലയിലെ നേഴ്സിങ്ങ് ജീവനക്കാർക്കും നേഴ്സിങ്ങ് വിദ്യാർത്ഥികൾക്കുമായി ക്വിസ് മത്സരം സംഘടിപ്പിച്ചു. മുലയൂട്ടലുമായി ബന്ധപെട്ട ശാസ്ത്രീയ അറിവ് വർദ്ധിപ്പിക്കുന്നതിനും ആരോഗ്യരംഗത്തെ വിദ്യാർത്ഥികളിലും ജീവനക്കാരിലും ബോധവത്കരണം ശക്തിപെടുത്തുന്നതിനും മത്സരം സഹായകമായി.

ഗർഭിണികൾക്കും പ്രസവാനന്തര അമ്മമാർക്കും നവജാത-ശിശു വാർഡുകളിലെ അമ്മമാർക്കുമായി പ്രത്യേക മുലയൂട്ടൽ ബോധവത്കരണ ക്ലാസ് നടത്തി. ജനനശേഷം ഉടൻ മുലയൂട്ടൽ ആരംഭിക്കൽ ആദ്യ ആറുമാസം മുലപ്പാൽ മാത്രം നൽകൽ. ശരിയായ മുലയൂട്ടൽ രീതികൾ, സാധാരണ നേരിടുന്ന

പ്രശ്നങ്ങൾ, ഹ്യൂമൻ മിൽക്ക് ബാങ്കിന്റെ സേവനങ്ങൾ എന്നിവയെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

മുലയൂട്ടൽ ബോധവത്കരണം സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി റീൽസ് മത്സരവും സംഘടിപ്പിച്ചു. വിജയികൾക്ക് അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര ക്യാഷ് പ്രൈസ് നൽകി. വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മുദ്രാവാക്യ മത്സരത്തിലെ വിജയികളായ ഡോ. അരുന്ധതിക്കും, ഡോ. മീരക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.